ഐ. ടി. മേഖലയിലെ തൊഴിലവസരങ്ങൾ

*18. [142] ശ്രീ. എ. എൻ. രാജൻ ബാബു :

" ഉമേഷ് ചള്ളിയിൽ :

" കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. ടി. മേഖലയിൽ വരുന്ന അഞ്ചു വർഷത്തേക്ക് എത്ര തൊഴിലവസരങ്ങളാണ് പ്രതീക്ഷിക്കുന്നത് ;

(ബി) സർക്കാർ, സ്വകാര്യം, സംയുക്തം എന്നീ മേഖലകളിൽ പ്രതീക്ഷിക്കപ്പെടുന്ന തൊഴിലവസരങ്ങൾ എത്രയാണ്;

(സി) ടെക്നോ പാർക്കുകൾക്ക് മാത്രമായി ഇതിൽ എത്ര തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇത് ഒഴിച്ചുള്ള തൊഴിലവസരങ്ങൾ കേരളത്തിന് നഷ്ടപ്പെടാതിരിക്കാൻ സ്വീകരിക്കുന്ന നടപടി വിശദമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) കേരളത്തിൽ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ഐ. ടി. മേഖലയിൽ 30,000 ത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നു പ്രതീക്ഷിക്കുന്നു.

(ബി) ഏകദേശം എല്ലാ തൊഴിലവസരങ്ങളും സ്വകാര്യ മേഖലയിലാണ് പ്രതീക്ഷിക്കുന്നത്.

(സി) അടുത്ത അഞ്ചു വർഷത്തിനുള്ളിൽ തിരുവനന്തപുരം ടെക്നോ പാർക്കിൽ മാത്രമായി ഏകദേശം 20,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.

(ഡി) കേരളത്തെ ഇന്ത്യയിലെ ഒരു പ്രമുഖമായ ഐ. ടി. സംസ്ഥാനമാക്കാനുള്ള നയങ്ങളും പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സ്വകാര്യ മേഖലയുമായി ചേർന്ന് കൂടുതൽ ഐ. ടി. തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ പര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ ഉദ്ദേശിക്കുന്നു. കാക്കനാട്ടുള്ള ഇൻഫോ പാർക്കിൽ 7 ലക്ഷം സ്ക്വയർഫീറ്റ് കെട്ടിടം പണിയാൻ വേണ്ട സ്ഥലം നൽകിക്കഴിഞ്ഞു. അടുത്ത മാസം പണി ആരംഭിക്കും.

ഇതുകൂടാതെ ദുബായ് ഇന്റർനെറ്റ് സിറ്റിയുമായി ചേർന്ന് ഒരു സംയുക്ത സംരഭംമായി "സ്മാർട്ട് സിറ്റി" എന്ന ഒരു ബൃഹദ് പദ്ധതി ആലോചിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly